## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206 — 07.02.2019-ലെ മറുപടിയ്ക്ക്

## കായികമേഖലയുടെ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ<br>,, ജോൺ ഫെർണാണ്ടസ്<br>,, സജി ചെറിയാൻ<br>,, റ്റി.വി.രാജേഷ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 34 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരവും 32 സ്റ്റേഡിയങ്ങൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 30 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയഅന്തർദേശീയ മത്സരങ്ങൾക്ക് കേരളം വേദിയാവുകയും ചെയ്യുന്നതാണ്.<br>കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ |

സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി **അനുബന്ധം-I ൽ** - ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കായികയുവജനകാര്യ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന നിർമ്മാണ/നവീകരണ പ്രവർത്തികളുടെ വിശദവിവരങ്ങൾ **അനുബന്ധം-II** ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തികൾ നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**<u>പ്ലേ ഫോർ ഹെൽത്ത്</u>**

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും

ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

**സ്പ്ലാഷ് & എയ്സ്**

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**കളിത്തട്ട്**

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയം യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലാകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**ട്രിവാൻഡ്രം മാരത്തോൺ**

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ.

**ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ**

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018" നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ഷൂട്ടിംഗ് അക്കാഡമി**

35-ാമത് ദേശീയ ഗെയിംസുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.<br>**സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**<br>ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>**ജി.വി.രാജ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ**<br>കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിക്കുകയും ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

**സൈസൽ പദ്ധതി**

സൈസൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ്, എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു.ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്ലറ്റിക്സ് എന്നിവയുടെ പലിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**എലൈറ്റ് സ്കീം**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ

| | | | |
|---|---|---|---|
| | | | കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ച വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്. <br> കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. <br> സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സ് വരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. |
| (ബി) | കായികാഭിരുചി ഉള്ളവർക്ക് മികച്ച കായിക പരിശീലനം നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ടിൽ പഞ്ചായത്ത്/മുൻസിപ്പൽ/ നഗരസഭ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ സ്പോർട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും രജിസ്ട്രേഷൻ നടത്തി പ്രവർത്തനം ഏകോപിപ്പിക്കുക, കായിക മേളകളും മത്സരങ്ങളും ടൂർണമെന്റുകളും സംഘടിപ്പിക്കുക, ജില്ലാ സ്പോർട്സ് കൗൺസിലുകൾ നൽകുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക എന്നിവയാണ് ഗ്രാമസ്പോർട്സ് കൗൺസിലുകളുടെ പ്രധാന ചുമതലകൾ. |

| | | | |
|---|---|---|---|
| | | | 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തിയായതിന് ശേഷം ഗ്രാമ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ കായികരംഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കായിക ഭവൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കായികയുവജനകാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കായിക ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ കായിക രംഗത്തിന് ഗുണകരമാകുന്ന വിധം മാതൃകാപരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | കായിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ . കൂടുതൽ സുതാര്യമാക്കുന്നതിനും കായിക രംഗത്തിന് ഗുണകരമാക്കുന്നതിനും വേണ്ടി 2018-ലെ കേരള സ്പോർട്സ് ആക്ടിൽ വിവിധ വകുപ്പുകൾ ചേർക്കപ്പെട്ടിട്ടുണ്ട്. ഒരു സംഘടനയുടെ അംഗീകാരം റദ്ദാക്കപ്പെട്ടാൽപോലും ബന്ധപ്പെട്ട കായിക ഇനത്തിൽ ജില്ലാ തല, സംസ്ഥാനതല മത്സരങ്ങൾ അങ്ങനെയുള്ള സംഘടനയുടെ കേന്ദ്ര ഫെഡറേഷനുമായി കൂടിയാലോചിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സംഘടിപ്പിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അംഗീകൃത സ്പോർട്സ് സംഘടനയല്ലാത്ത യാതൊരു സ്പോർട്സ് സംഘടനയും അവർ പ്രതിനിധാനം ചെയ്യുന്ന കായിക ഇനത്തിൽ താൽക്കാലികമായി ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നേടിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## 2016 - 17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചവ

## ജില്ലാ സ്റ്റേഡിയം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | കിഫ്ബി അംഗീകരിച്ച തുക | പ്രവർത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 34.26 | പദ്ധതി 'ക്രെസന്റ് കൺസ്ട്രക്ഷൻസിന്' നൽകിയിട്ടുണ്ട് |
| 2 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുവാനുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിന് M/s. കിറ്റ്കോ ലിമിറ്റഡിനെ ചുമതലപ്പെടുത്തി |
| 3 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട് എന്നാൽ സ്ഥലം ഉടമയായ മുനിസിപ്പാലിറ്റി ഉടമ്പടി ഒപ്പു വച്ചിട്ടില്ല. |
| 4 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.47 | ടെണ്ടർ നടപടികൾ നടന്നു വരുന്നു |
| 5 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | | സ്ഥലം കണ്ടെത്തേണ്ടതുണ്ട് |
| 6 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | | | നിലവിൽ സ്ഥലം ലഭ്യമായ മൂവാറ്റുപ്പുഴയിൽ തുടങ്ങുന്നതിന് 03.01.2019 ൽ ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. |

| | | | | |
|---|---|---|---|---|
| | | | | വിശദമായ പ്രോജക്ട് റിപ്പോർട്ട് M/s. കിറ്റ്കോ തയ്യാറാക്കി വരികയാണ് |
| 7 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | | | സ്ഥലം നെടുങ്കണ്ടം പഞ്ചായത്ത് ഏറ്റെടുത്ത് നല്കുന്ന മുറയ്ക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| 8 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 56.01 | പദ്ധതി M/s. Cresent Constructions- ന് നൽകിയിട്ടുണ്ട് |
| 9 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | | | സ്ഥലം കണ്ടെത്തിയതായി പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട് |
| 10 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 37.61 | നിലവിൽ സ്ഥലം ലഭ്യമായ മഞ്ചേരിയിൽ തുടങ്ങുന്നതിന് 23.10.2018 ൽ ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. വിശദമായ പ്രോജക്ട് റിപ്പോർട്ട് M/s. കിറ്റ്കോ തയ്യാറാക്കി വരികയാണ് |
| 11 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | - | സ്ഥലം കണ്ടെത്തിയിട്ടുണ്ട് പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ് |
| 12 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.88 | റീ ടെണ്ടർ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 13 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 41.02 | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| 14 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 29.32 | ടെണ്ടർ നടപടികൾ നടന്നു വരുന്നു |

(

<u>പഞ്ചായത്ത് സ്റ്റേഡിയങ്ങൾ</u>

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | നീലേശ്വരം ഇ. എം. എസ്. സ്റ്റേഡിയം | 20.76 | 17.04 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 2 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5.00 | 5.49 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 3 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5.00 | 5.34 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 4 | ജിനചന്ദ്ര സ്റ്റേഡിയം വയനാട് | 18.73 | 18.67 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 5 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 | 9.26 | ടെണ്ടർ നടപടികൾ നടന്നു വരുന്നു |
| 6 | എടപ്പാൾ ഗവ. എച്ച്. എസ്സ്. എസ്സ്. | 15.69 | 6.82 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 7 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. | | 8.87 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | 18.30 | പദ്ധതി ശ്രീ. ഷക്കീറിന് നൽകിയിട്ടുണ്ട്. പവലിയൻ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിരുന്നു എന്നാൽ നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റത്തതിനാൽ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5.00 | | വിശദമായ പ്രോജക്ട് റിപ്പോർട്ട് M/s. കിറ്റ്കോ തയ്യാറാക്കി വരികയാണ് |
| 10 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | 5.54 | പദ്ധതി M/s. Right Edge Infrastructure Pvt Ltd ന് നൽകിയിട്ടുണ്ട് |
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5.00 | 9.58 | പദ്ധതി M/s. സിറ്റ്കോ അസ്സോസിയേറ്റ്സിന് നൽകിയിട്ടുണ്ട് |
| 12 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | 7.67 | സാങ്കേതികാനുമതിയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ് |
| 13 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | 14.17 | 5.75 | പദ്ധതി M/s. സ്ക്വയർ അസ്സോസിയേറ്റ്സിന് നൽകിയിട്ടുണ്ട് |
| 14 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | | 8.62 | ടെണ്ടർ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 15 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 | 4.97 | പദ്ധതി M/s. Anchor Infrastructure ന് നൽകിയിട്ടുണ്ട് |
| 16 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 17 | നെടുങ്കണ്ടം സ്റ്റേഡിയം | 5.00 | 9.4 | ടെണ്ടർ നടപടികൾ നടന്നു വരുന്നു |
| 18 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 10.64 | മുനിസിപ്പൽ കോർപ്പറേഷൻ എം.ഒ.യു ഒപ്പിടാത്തതിനാൽ പദ്ധതി കരാറുകാരന് നൽകുവാൻ കഴിഞ്ഞിട്ടില്ല. |
| 19 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | 9.69 | മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാകാത്തതു കാരണം പദ്ധതി കരാറുകാരന് നൽകുവാൻ കഴിഞ്ഞിട്ടില്ല. |
| 20 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.2 | 13.05 | പദ്ധതി യംസി ലക്ഷ്മണൻ & കമ്പനിക്ക് നൽകിയിട്ടുണ്ട് |
| 21 | കൊടുമൺ സ്റ്റേഡിയം | 15.86 | 14.10 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 22 | പട്ടാമ്പി കോളേജ് മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം | 10.00 | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 23 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും CRZ clearance അഭ്യർത്ഥിക്കുന്നതിനായി അനിവാര്യമായ രേഖകൾ നഗരസഭയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 24 | താനൂർ സ്റ്റേഡിയം | 19.14 | 10.07 | പദ്ധതി എ. എം. മുഹമ്മദ് അലിക്ക് നൽകിയിട്ടുണ്ട് |
| 25 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10.00 | | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിക്കായി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. |
| 26 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | | സ്ഥലം ഉടമസ്ഥരായ പഞ്ചായത്തും, പോളീടെക്നിക്കും എം.ഒ.യു ഒപ്പിടുന്ന മുറയ്ക്ക് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് M/s. കിറ്റ്കോ സമർപ്പിക്കുന്നതാണ്. |
| 27 | മട്ടന്നൂർ സ്റ്റേഡിയം | 5 | 4.12 | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 28 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | 5 | | സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചുള്ള തർക്കം നിലനിൽക്കുന്നു. |
| 29 | അമ്പലപ്പുഴ ഗവ. കോളേജ് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 30 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 4.932 | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 31 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 6.113 | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 32 | കൊറ്റംകര മിനി സ്റ്റേഡിയം | | | സ്ഥലം കണ്ടെത്തേണ്ടതുണ്ട് |
| 33 | ജി.വി. രാജ സ്പോർട്സ് സ്കൂൾ | 30 | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

**2017 – 18 ലെ ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പറളി സ്കൂൾ, പാലക്കാട് | 10.00 | 6.937 | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 2 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10.00 | 6.446 | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 3 | ഫെറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10.00 | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 4 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10.00 | 13.1 | സാങ്കേതികാനുമതി ലഭിച്ച തുക കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതലായതിനാൽ പദ്ധതി ടെണ്ടർ ചെയ്യുന്നതിന് കിഫ്ബിയുടെ അംഗീകാരം നേടേണ്ടതാണ്. |
| 5 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10.00 | | |
| 6 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10.00 | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 7 | തൃശൂർ അക്വാട്ടിക് കോംപ്ലക്സ് | 10.00 | | കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് M/s. കിറ്റ്കോ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 8 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 10.00 | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 9 | ശ്രീനാരായണ മംഗലം ഇൻഡോർ സ്റ്റേഡിയം, വടകര | 10.00 | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി |

| | | | | |
|---|---|---|---|---|
| | | | | സമർപ്പിച്ചിട്ടുണ്ട്. |
| 10 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10.00 | 5.634 | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |

അനുബന്ധം – 2

## കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം പൂർത്തിയാക്കിയ / നടത്തി വരുന്ന പ്രവർത്തികൾ

| A. പൂർത്തിയായ പദ്ധതികൾ | | | |
|---|---|---|---|
| നം | സ്റ്റേഡിയം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക |
| 1 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | 5 പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിക്കൽ | 26,95,000 |
| 2 | | എൽ.ഇ.ഡി അരീനാ ലൈറ്റ് സ്ഥാപിക്കൽ | 9,60,000 |
| 3 | | 4 ടണ്ണിന്റെ 60 എ.സി സ്ഥാപിക്കൽ | 82,10,000 |
| 4 | | 320 കെ.വി.എ ഡീസൽ ജനറേറ്റർ സ്ഥാപിക്കലും അതിന്റെ അനുബന്ധ ഇലക്ട്രിക്കൽ ജോലികളും | |
| 5 | | എഫ്.ഐ.വി.ബി സ്റ്റാന്റേർഡ് വോളീബോൾ പോൾ സ്ഥാപിക്കൽ | 3,92,000 |
| 6 | | എച്ച്. റ്റി. കേബിളിന്റെ തകരാറ് പരിഹരിക്കുന്നതിന് | 3,00,000 |
| 7 | കക്കാട് സിമ്മിംഗ് പൂൾ, കണ്ണൂർ | സിമ്മിംഗ്പൂളിന്റേയും, കോമ്പൗണ്ട് വാളിന്റേയും അഡീഷണൽ ജോലികൾ | 37,99,717 |
| 8 | | ഗെയിംസ് വില്ലേജിലെ പ്രീഫാബ് യൂണിറ്റുകൾ ഉപയോഗിച്ചു കൊണ്ടുള്ള ഓഫീസ് നിർമ്മാണവും അതി ന്റെ ഇലക്ട്രിക്കൽ ജോലികളും | 10,30,000 |
| 9 | | ഫിൽട്രേഷൻ പ്ലാന്റിന്റെ നവീകരണം | 37,99,717 |
| 10 | | സിമ്മിംഗ് പൂളിൽ സ്റ്റാർട്ടിംഗ് ബ്ലോക്സും, ആന്റി വേവ് ഫ്ളോട്ട് ലൈൻ മുതലായവ സ്ഥാപിക്കുന്നതിന് | 4,94,000 |
| 11 | കണ്ണൂർ പിണറായി | സിമ്മിംഗ്പൂളിന്റെ നിർമ്മാണം | 1,05,00,000 |

| | | | |
|---|---|---|---|
| 12 | ഗ്രാമപഞ്ചായത്തിലെ സ്വിമ്മിംഗ് പൂൾ | സ്വിമ്മിംഗ് പൂളിനോടനുബന്ധിച്ച് ഓഫീസ് കെട്ടിടം, കിണർ, കോമ്പൗണ്ട് വാൾ എന്നിവയുടെ നിർമ്മാണം. | 16,40,000 |
| 13 | വി.കെ.കെ മേനോൻ സ്റ്റേഡിയം, കോഴിക്കോട് | എൽ.ഇ.ഡി അരീനാ ലൈറ്റ് സ്ഥാപിക്കൽ | 19,50,000 |
| 14 | ആർച്ചറി അക്കാഡമി, വയനാട് | 5 പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിക്കൽ | 26,63,225 |
| 15 | | ഫെൻസിംങ് യാർഡിന്റേയും, കോമ്പൗണ്ട് വാളിന്റേയും നിർമ്മാണം | 34,00,000 |
| 16 | ജവഹർ സ്ക്വയർ ഇൻഡോർ സ്റ്റേഡിയം, കുന്നംകുളം, തൃശ്ശൂർ | എൽ.ഇ.ഡി അരീനാ ലൈറ്റ് സ്ഥാപിക്കൽ | 13,22,000 |
| 17 | കരുണാകരൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | മാപ്പിൾ വുഡ് ഫ്ളോറിംഗ് നിർമ്മാണം | 66,00,000 |
| 18 | വോളീബോൾ അക്കാഡമി, ഇടുക്കി | പ്രകൃതി ക്ഷോഭത്തെ തുടർന്ന് ഇളകി മാറിയ മേൽക്കൂരയുടെ പുനർ നിർമ്മാണം | 2,40,000 |
| 19 | ജി.വി. രാജ സ്പോർട്സ് കോംപ്ലക്സ്, പൂഞ്ഞാർ, കോട്ടയം | ഐ.റ്റി.എഫ് അംഗീകരിച്ച പോളീ യൂറീത്തേൻ സ്പോർട്സ് ഫ്ളോറിംഗിന്റെ നിർമ്മാണം | 42,30,000 |
| 20 | ഇൻഡോർ സ്റ്റേഡിയം, കോട്ടയം | സ്റ്റീൽ ഹാൻന്റ് റെയിലുകളുടെ നവീകരണവും തുടർ ജോലികളും | 7,87,220 |
| 21 | രാജാകേശവദാസ് സ്വിമ്മിംഗ് പൂൾ, ആലപ്പുഴ | നവീകരണ പ്രവർത്തനങ്ങൾ | 38,00,000 |
| 22 | റോവിംഗ് ബോട്ട് ഹൗസ്, ആലപ്പുഴ | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുനനതിനും മറ്റു സിവിൽ, ഇലക്ട്രിക്കൽ ജോലികൾക്കും | 24,90,000 |
| 23 | ഹോക്കി സ്റ്റേഡിയം, കൊല്ലം | അഡീഷണൽ വർക്ക്സ് | 24,00,000 |
| 24 | | കോർട്ട് യാർഡിന്റെ നിർമ്മാണം | 67,28,800 |
| 25 | | 6 പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിക്കൽ | 36,00,000 |
| 26 | | കോമ്പൗണ്ട് വാളിന്റെ പുനർ നിർമ്മാണം | 29,00,000 |

| | | | | |
|---|---|---|---|---|
| 27 | കുന്നംകുളം GHSS ഗ്രൗണ്ടിലെ സ്വാഭാവിക പുൽത്തകിടിയോട് കൂടിയ ഫുട്ബോൾ ടർഫും സ്പ്രിഗ്ളർ സിസ്റ്റവും സ്ഥാപിക്കൽ | | | ടർഫിംങ് ഒഴികെയുള്ള ബാക്കിയെല്ലാ പ്രവർത്തികളും പൂർത്തിയായി. |
| 28 | കുന്നംകുളം RSRV HSS ഗ്രൗണ്ടിന്റെ കളിമൺ ഫുട്ബോൾ കോർട്ടിന്റെ പുനരുദ്ധാരണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 66/2018/കാ.യു.വ തീയതി 26/04/2018. | 1,00,00,000 | പ്രവർത്തി തുടങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനായി കാത്തിരിക്കുന്നു. |
| 29 | കുന്നംകുളം വേലൂർ RSRV HSS ഗ്രൗണ്ടിന്റെ മൾട്ടി പർപ്പസ് 8 ലെയർ സിന്തറ്റിക് കോർട്ടിന്റെ നിർമ്മാണ പ്രവർത്തികൾ | | | പ്രവർത്തി തുടങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനായി കാത്തിരിക്കുന്നു. |
| 30 | തൃശ്ശൂർ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം | സ.ഉ.(സാധാ) നം. 69/2018/കാ.യു.വ തീയതി 26/04/2018. | 1,94,00,000 | മേൽക്കൂരയുടെ ഫാബ്രിക്കേഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| എറണാകുളം | | | | |
| 31 | വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിലെ അധിക പ്രവർത്തികൾ - സിവിൽ & ഇലക്ട്രിക്കൽ | | | പ്രവർത്തികൾ പൂർത്തിയായി. ഫണ്ട് ഇല്ലാത്തതിനാൽ ബില്ലുകൾ തീർപ്പായിട്ടില്ല. |
| 32 | വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് സ്പോർട്സ് ഫ്ളോറിംങ് പ്രവർത്തികൾ | സ.ഉ.(സാധാ) നം. 104/2017/കാ.യു.വ തീയതി 02/06/2017. | 1,49,93,666 | മേപ്പിൾവുഡ് ഒഴികെയുള്ള ബാക്കിയെല്ലാ പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. |
| 33 | വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിലെ ടെലിസ്കോപ്പിക് റിട്രാക്ടബിൾ സീറ്റിംങിന്റെ പ്രതിഷ്ഠാപനം | | | പ്രവർത്തികൾ പൂർത്തിയായി. ഫൈനൽ ബില്ല് തയ്യാറായിക്കൊണ്ടിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| **ഇടുക്കി** | | | | |
| 34 | ഇടുക്കി വോളിബോൾ അക്കാഡമിയുടെ ലാൻഡ് ഡെവലപ്പ്മെന്റും ഇരുമ്പുവേലി നിർമ്മാണവും സിവിൽ & ഇലക്ട്രിക്കൽ അധിക പ്രവർത്തികൾ | സ.ഉ.(സാധാ) നം. 256/16/കാ.യു.വ തീയതി 19/12/2016. | 1,44,46,000 | 25% പ്രവർത്തി പൂർത്തിയായി. |
| 35 | ഇടുക്കി വോളിബോൾ അക്കാഡമിയുടെ മേപ്പിൾ വുഡ് ഫ്ളോറിംങിന്റെ നിർമ്മാണ പ്രവർത്തി | സ.ഉ.(സാധാ) നം. 32/16/കാ.യു.വ തീയതി 04/02/2016. | 46,00,000 | പ്രവർത്തി പൂർത്തിയായി. ഫൈനൽ ബില്ല് സമർപ്പിച്ചു. |
| **കോട്ടയം** | | | | |
| 36 | കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിലെ ചുറ്റുമതിൽ നിർമ്മാണ പ്രവർത്തികൾ | KSSC/ബി3/7344/2017 തീയതി 10/04/2017 | 19,50,000 | പ്രവർത്തികൾ അന്തിമഘട്ടത്തിലാണ് |
| **ആലപ്പുഴ** | | | | |
| 37 | രാജാ കേശവദാസ് സിമ്മിംങ് പൂളിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റ പണികളും അധിക സിവിൽ പ്രവർത്തികളും | സ.ഉ.(സാധാ) നം. 188/16/കാ.യു.വ തീയതി 01/09/2016. | 67,00,000 | പൂളിന്റെ ടൈലിംങ് പ്രവർത്തികൾ പുരോഗമിക്കുന്നു. പുതുക്കിയ ഭരണാനുമതി സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| 38 | ചെങ്ങന്നൂർ പുലിയൂർ പഞ്ചായത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവർത്തി | ഉത്തരവ് നം. എ1-1471/18/കായുവ തീയതി 26/03/2018. | 50,00,000 | ഗ്യാലറി വർക്കുകൾ പൂർത്തിയായി. ഗ്രൗണ്ട് ലെവലിങ് പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 39 | ചെങ്ങന്നൂർ തിരുവൻവണ്ടൂർ GHSS ഗ്രൗണ്ടിന്റെ നവീകരണ പ്രവർത്തികൾ | ഉത്തരവ് നം. എ1-1508/18/കായുവ തീയതി 26/03/2018. | 50,00,000 | കരാർ ഒപ്പിട്ടിട്ടുണ്ട്. നിർമ്മാണോദ്ഘാടനത്തിനായി കാത്തിരിക്കുന്നു. |
| 40 | ആലപ്പുഴ രാജ കേശവദാസ് സ്വിമ്മിംങ് പൂളിന്റെ ടെൻസൈൽ ഫാബ്രിക് റൂഫിംങും അനുബന്ധ പ്രവർത്തികളും - സിവിൽ & ഇലക്ട്രിക്കൽ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 67/2018/കാ.യു.വ തീയതി 26/04/2018. | 1,20,00,000 | ഗ്യാലറി റൂഫിംഗ് പ്രവർത്തികൾ പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 41 | ആലപ്പുഴ രാജാ കേശവദാസ് സ്വിമ്മിംഗ് പൂളിലേയ്ക്കുള്ള ഉപകരണങ്ങളുടെ പുനസ്ഥാപനം | | | ഉപകരണങ്ങൾ സൈറ്റിൽ എത്തിയിട്ടുണ്ട്. |
| 42 | ആലപ്പുഴ സെന്റ് ജോസഫ് GHSS നിലവിലുള്ള ബാസ്കറ്റ്ബോൾ കോർട്ടിന്റെ നവീകരണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 98/2018/കാ.യു.വ തീയതി 26/05/2018. | 30,00,000 | കരാർ ഒപ്പിട്ടിട്ടുണ്ട്. |
| കൊല്ലം | | | | |
| 43 | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 143/2017/കാ.യു.വ തീയതി 29/07/2017. | 77,50,000 | ടെണ്ടർ നടപടികൾക്കായി കായിക യുവജനകാര്യ ഡയറക്ടറുടെ തീരുമാനത്തിനായി കാത്തിരിക്കുന്നു. |
| 44 | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ ജിംനേഷ്യത്തിന്റെ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 29/2018/കാ.യു.വ തീയതി 01/03/2018. | 25,70,000 | ജിം ഉപകരണങ്ങളുടെ പ്രതിഷ്ഠാപനം പുരോഗമിക്കുന്നു. |
| 45 | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ ബോട്ടുപുരയുടെ നിർമ്മാണ പ്രവർത്തികൾ | ഉത്തരവ് നം. ഇ1-1399/18/കാ.യു.വ തീയതി 11/05/2018. | 21,00,000 | മേൽക്കൂരയുടെ ഫാബ്രിക്കേഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 46 | കൊല്ലം L.B.S സ്റ്റേഡിയത്തിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 115/2018/കാ.യു.വ തീയതി 31/05/2018. | 36,00,000 | വർക്ക് ഓർഡർ നൽകി |
| 47 | കൊല്ലം ഇൻഡോർ സ്റ്റേഡിയത്തിന്റെ മേൽക്കൂര നിർമ്മാണവും നവീകരണ പ്രവർത്തികളും | സ.ഉ.(സാധാ) നം. 118/2018/കാ.യു.വ തീയതി 31/05/2018. | 1,75,00,000 | 25% പ്രവർത്തി പൂർത്തിയായി. ഫാൾസ് സീലിംഗ് പ്രവർത്തി പുരോഗമിക്കുന്നു |
| 48 | കൊട്ടാരക്കര GHSS ഗ്രൗണ്ടിന്റെ നവീകരണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 60/2018/കാ.യു.വ തീയതി 25/04/2018. | 1,00,00,000 | ഈ പ്രവർത്തി ഏറ്റെടുക്കേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| തിരുവനന്തപുരം | | | | |
| വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് | | | | |
| 49 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ സിവിൽ & ഇലക്ട്രിക്കൽ അധിക പ്രവർത്തികൾ | സ.ഉ.(സാധാ) നം. 257/2016/കാ.യു.വ തീയതി 19/12/2016 | 77,50,000 | പ്രവർത്തി പൂർത്തിയായി. ഫൈനൽ ബില്ല് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കൂടുതൽ പ്രവർത്തികൾ ആവശ്യമാണ്. |
| 50 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ ചുറ്റുമതിലിന്റെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും | സ.ഉ.(സാധാ) നം. 162/2018/കാ.യു.വ തീയതി 27/07/2018 | 1,30,00,000 | 45% പ്രവർത്തി പൂർത്തിയായി. |
| 51 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ അധിക പ്രവർത്തികൾ | സ.ഉ.(സാധാ) നം. 252/2017/കാ.യു.വ തീയതി 06/12/2017 | 51,00,000 | 25% പ്രവർത്തി പൂർത്തിയായി. ചുറ്റുമതിലിന്റെ ബ്ലോക്ക് വർക്ക് പൂർത്തിയായി. |
| 52 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ പാസഞ്ചർ ലിഫ്റ്റിന്റെ പ്രതിഷ്ഠാപനം | ഉത്തരവ് നം. ഇ5-4904/18/കായുവ തീയതി 18/10/2018. | 15,00,000 | കരാറിലേർപ്പെട്ടിട്ടുണ്ട് |
| ടെന്നീസ് കോംപ്ലക്സ്, കുമാരപുരം | | | | |
| 53 | കുമാരപുരം രാമനാഥൻ കൃഷ്ണൻ ടെന്നീസ് കോംപ്ലക്സിലെ സിന്തറ്റിക് കോർട്ടിന്റെ പുനർ പ്രതല നിർമ്മാണവും മറ്റ് അനുബന്ധപ്രവർത്തികളും | സ.ഉ.(സാധാ) നം. 26/2018/കാ.യു.വ തീയതി 01/03/2018 | 64,00,000 | പ്രവർത്തി പൂർത്തിയായി. ഫൈനൽ ബില്ല് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ | | | | |
| 54 | ശ്രീപാദം ആറ്റിങ്ങൽ സ്റ്റേഡിയത്തിലെ സ്പോർട്സ് കോംപ്ലക്സ് ഹോസ്റ്റലിന്റെ അറ്റകുറ്റ പണികൾ ഉൾപ്പെടെയുള്ള അധിക പ്രവർത്തികളും സെൻട്രൽ | സ.ഉ.(സാധാ) നം. 19/2017/കാ.യു.വ തീയതി 02/02/2017 | 81,80,000 | 90% പ്രവർത്തി പൂർത്തിയായി |

| | | | | |
|---|---|---|---|---|
| | ഫെസിലിറ്റി ബ്ലോക്കിന്റെ നവീകരണ പ്രവർത്തികളും | | | |
| 55 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ജിംനേഷ്യത്തിന്റെ നിർമ്മാണം | സ.ഉ.(സാധാ) നം. 28/2018/കാ.യു.വ തീയതി 01/03/2018 | 30,80,000 | പ്രവർത്തി പൂർത്തിയായി. ഫൈനൽ ബില്ല് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| 56 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്വാഭാവിക പുൽത്തകിടിയോടുകൂടിയുള്ള ഫുട്ബോൾ കോർട്ടിന്റെ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 15/2017/കാ.യു.വ തീയതി 01/02/2017 | 1,56,00,000 | ടർഫിംഗ് ജോലികൾ, സംഭരണിയുടെയും പ്രവർത്തികൾ ഒഴികെ ബാക്കിയെല്ലാ പ്രവർത്തികളും പൂർത്തിയായി. |
| 57 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്കിലെ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 248/2017/കാ.യു.വ തീയതി 05/12/2017 | 6,75,00,000 | ഓടയുടെ പ്രവർത്തികൾ പുരോഗമിക്കുന്നു. ഇറക്കുമതി ചെയ്ത സാമഗ്രഹികൾ പണിസ്ഥലത്ത് എത്തിയിട്ടുണ്ട് |
| **ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം** | | | | |
| 58 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ പുതിയ ബ്ലോക്കിന് മുകളിലെ ജിം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 246/2017/കാ.യു.വ തീയതി 05/12/2017 | 61,20,000 | ACP പ്രവർത്തികൾ ഒഴികെ ബാക്കിയെല്ലാ പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. |
| 59 | വെള്ളയമ്പലം സിമ്മിംങ് പൂളിന്റെ അത്യാവശ്യമായ അറ്റകുറ്റ പണികളും മറ്റു നവീകരണ പ്രവർത്തികളും | ഉത്തരവ് നം. ഇ4-3132/18/കായുവ തീയതി 14/06/2018. | 11,00,000 | 50% പ്രവർത്തി പൂർത്തിയായി. |
| 60 | വെള്ളയമ്പലം സിമ്മിംങ് പൂളിന്റെ LED അണ്ടർ വാട്ടർ ലൈറ്റുകളുടെ പ്രതിഷ്ഠാപനം | ഉത്തരവ് നം. ഇ4-901/18/കായുവ തീയതി 21/08/2018. | 5,80,000 | LED അണ്ടർ വാട്ടർ ലൈറ്റുകൾ സ്ഥാപിച്ചു. |
| 61 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ ജിംനേഷ്യത്തിന്റെ MEP പ്രവർത്തികൾ | ഉത്തരവ് നം. ഇ5-4075/18/കായുവ തീയതി 31/07/2018. | 31,00,000 | പ്രവർത്തി പൂർത്തിയായി. |

| | | | | |
|---|---|---|---|---|
| 62 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള ഷെട്ടിന്റെ നിർമ്മാണ പ്രവർത്തികൾ | ഉത്തരവ് നം. ഇ4-3338/18/കായുവ തീയതി 07/08/2018 | 7,60,000 | മേൽക്കൂരയുടെ പ്രവർത്തി പൂർത്തിയായി. ACP പ്രവർത്തി പുരോഗമിക്കുന്നു. |
| 63 | വെള്ളയമ്പലം സ്വിമ്മിംങ് പൂളിലെ നിലവിലുള്ള ഗ്യാലറിയിലെ ടൈലിംങ് പ്രവർത്തികളും ചെയ്ഞ്ച് റൂമുകളുടെ നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തികളും | ഉത്തരവ് നം. ഇ4-5425/18/കായുവ തീയതി 19/10/2018 | 42,48,000 | 60% പ്രവർത്തികൾ പൂർത്തിയായി. |
| **ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം** | | | | |
| 64 | ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ജിം ഉപകരണങ്ങളുടെ പ്രതിഷ്ഠാപനം | സ.ഉ.(സാധാ) നം. 56/2017/കാ.യു.വ തീയതി 18/03/2017 | 50,00,000 | ഉപകരണങ്ങൾ പണിസ്ഥലത്ത് എത്തിച്ചിട്ടുണ്ട്. പ്രതിഷ്ഠാപനം നടത്തിയിട്ടില്ല. |
| 65 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്ക്കറ്റ്ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ടുകളുടെ നവീകരണവും ഇരുമ്പ് വേലിയുടെ നിർമ്മാണ പ്രവർത്തികളും | സ.ഉ.(സാധാ) നം. 140/2017/കാ.യു.വ തീയതി 29/07/2017 | 1,79,10,000 | പ്രവർത്തി അന്തിമ ഘട്ടത്തിലാണ് |
| 66 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ഡൈനിംഗ് ഹാളിന്റെ ആധുനിക വത്ക്കരണവും കിച്ചൺ എക്യുപ്മെന്റ്സിന്റെ പ്രതിഷ്ടാപനവും | സ.ഉ.(സാധാ) നം. 148/2017/കാ.യു.വ തീയതി 29.07.2017 | 96,50,000 | 20.01.2017ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവർത്തി പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 67 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ചുറ്റുമതിൽ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 72/2018/കാ.യു.വ തീയതി 26.04.2018 | 91,00,000 | പ്രവർത്തി പുരോഗമിക്കുന്നു. |
| 68 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ നിർമ്മാണ പ്രവർത്തികൾ | സ.ഉ.(സാധാ) നം. 68/2018/കാ.യു.വ തീയതി 26.04.2018 | 4,33,00,000 | പ്രവർത്തി പുരോഗമിക്കുന്നു. |
| 69 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ബയോ ഗ്യാസ് പ്ലാന്റിന്റേയും ഇൻസിനറേറ്ററുടേയും പുനസ്ഥാപനം | ഉത്തരവ് നം. ഇ5- E5-6165/17/ കായുവ തീയതി 20.03.2018 | 9,45,000 | പ്രവർത്തി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 70 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ FIH അംഗീകൃത ഹോക്കി ടർഫിന്റെ നിർമ്മാണവും അനുബന്ധ വൈദ്യുതീകരണ പ്രവർത്തികളും | സ.ഉ.(സാധാ) നം.63/2018/ കാ.യു.വ തീയതി 26.04.2018 & സ.ഉ.(സാധാ) നം.203/2018/ കാ.യു.വ തീയതി 12.10.2018 | 4,65,00,000 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| 71 | ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 160 കെവിഎ ഡീസൽ ജനറേറ്ററിന്റെ പ്രതിഷ്ടാപനം | ഉത്തരവ് നം. ഇ 5-759/17/ കായുവ തീയതി 02.10.2018 | 21,90,000 | ഡീസൽ ജനറേറ്ററിന്റെ ടെസ്റ്റിംഗ് 31.01.2019ന് നടക്കുന്നതാണ്. |
| 72 | തിരുവനന്തപുരം മൈലത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ടുകളുടെ പിയു ഫ്ളോറിംഗ് പ്രവർത്തികൾ | സ.ഉ.(സാധാ) നം. 22/2018/കാ.യു.വ തീയതി 01/03/2018 | 81,00,000 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 73 | തിരുവനന്തപുരം മൈലത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ വോളീബോൾ കോർട്ടിന്റെ നവീകരണവും കവാടത്തിൽ നെയിംബോർഡ് സ്ഥാപിക്കുന്നതും ലാൻഡ്സ്കേപ്പിംഗ് പ്രവർത്തികളും | സ.ഉ.(സാധാ) നം. 2/2018/കാ.യു.വ തീയതി 04/01/2018 | 62,60,000 | പ്രവർത്തി പുരോഗമിച്ചു വരുന്നു അക്രിലിക് ഫ്ളോറിംഗിനു വേണ്ടിയുള്ള സാധനസാമഗ്രഹികൾ എത്തിയിട്ടുണ്ട്. |
| 74 | തിരുവനന്തപുരം മൈലത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ നഗാഗതകർക്ക് ഹോസ്റ്റൽ സൗകര്യം സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തികൾ | ഇ5-1292/18/ കയുവ തീയതി 24.04.2.018 | 38,00,000 | പ്രവർത്തി പുരോഗമിച്ചു വരുന്നു |
| 75 | തിരുവനന്തപുരം മൈലത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഹെൽത്ത് ക്ലബ്ബിലെ ഇന്റീരിയറും എംഇപി പ്രവർത്തികളും | സ.ഉ.(സാധാ) നം. 65/2018/കാ.യു.വ തീയതി 26.04.2018 | 49,10,000 | പ്രവർത്തി ആരംഭിക്കുന്നതേയുള്ളൂ |
| 76 | തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്ക്കൂൾ PUR 400 മീറ്റർ, 6 ലെയിൻ 8 സ്ട്രേയ്റ്റ് അത്ലറ്റിക് ട്രാക്കിന്റെ പ്രതിഷ്ഠാപനം | സ.ഉ.(സാധാ) നം. 2/2018/കാ.യു.വ തീയതി 04/01/2018 | 6,38,00,000 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| രാജീവ് ഗാന്ധി നാഷണൽ സ്വിമ്മിംഗ് പൂൾ പൂങ്കോട് | | | | |
| 77 | തിരുവനന്തപുരം പൂങ്കോട് രാജീവ് ഗാന്ധി നാഷണൽ സ്വിമ്മിംഗ് പൂളിലെ ഗ്യാലറിയുടേയും ഫാബ്രിക് റൂഫിന്റേയും നവീകരണം | എ1-1894/16 തീയതി 11./05/2018 | 44,00,000 | പണി തുടങ്ങി |
| | ഡോ. ബി.ആർ അംബേദ്കർ ഇന്റർനാഷണൽ സ്വിമ്മിംഗ് പൂൾ | | | |
| 78 | തിരുവനന്തപുരം, പിരപ്പൻകോഡ് ഡോ. ബി.ആർ അംബേദ്കർ ഇന്റർനാഷണൽ സ്വിമ്മിംഗ് പൂളിലെ ഗ്യാലറിയുടെയും ടോയിലറ്റിന്റേയും നവീകരണം | സ.ഉ.(സാധാ) നം. 149/2018/കാ.യു.വ തീയതി 26.07.2018 | 75,00,000 | 45% പണിപൂർത്തിയായിട്ടുണ്ട് |
| ജിം & എം.ഇ.പി. പ്രവർത്തികൾ | | | | |
| 79 | 8 സ്റ്റേഡിയങ്ങളിൽ ജിം ഫിറ്റ്നസ്സ് ഉപകരണങ്ങളുടെ പ്രതിഷ്ഠാപനം | സ.ഉ.(സാധാ) നം. 18/2017/കാ.യു.വ തീയതി 01/02/2017 | 3,50,00,000 | സ്റ്റേഡിയങ്ങളിൽ ഉപകരണങ്ങൾ എത്തിയിട്ടുണ്ട് .പ്രിതിഷ്ഠാപനം പൂർത്തിയായിട്ടില്ല. |
| 80 | തിരുവനന്തപുരം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ മുതലായ സ്റ്റേഡിയങ്ങളിൽ ജിം ഉപകരണങ്ങളുടെ പ്രതിഷ്ഠാപനവും 3 വർഷത്തേയ്ക്കുള്ള വാർഷിക പരിപാലനകരാറും | സ.ഉ.(സാധാ) നം. 271/2017/കാ.യു.വ തീയതി 22.12.2017 | 27,69,400 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ ജിം ഉപകരണങ്ങളുടെ പ്രതിഷ്ഠാപനം പൂർത്തിയായി. ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ ജിം ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. |
| | | സ.ഉ.(സാധാ) നം. 215/2017/കാ.യു.വ തീയതി 12.10.2017 | 21,96,000 | |
| 81 | അക്വാട്ടിക് കോംപ്ലക്സ് പിരപ്പൻകോട്, വികെഎൻമേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ, ഷൂട്ടിംഗ് റേഞ്ച് വട്ടിയൂർക്കാവ് മുലായവ സ്റ്റേഡിയങ്ങളുടെ ഇന്റീരിയർ & എംഇപി വർക്കുകുളും | സ.ഉ.(സാധാ) നം. 64/2018/കാ.യു.വ തീയതി 26.07.2018 | 11761000 | ഉപകരണങ്ങൾ പണിസ്ഥലത്ത് നൽകിയിട്ടുണ്ട്. പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 82 | വിവിധ ജില്ലകളിലെ സ്റ്റേഡിയങ്ങളിലെ പബ്ലിക് അഡ്രസ്സ് സിസ്റ്റത്തിന്റെയും ഉപകരണങ്ങളുടേയും പ്രതിഷ്ഠാപനം | സ.ഉ.(സാധാ) നം. 209/17/കാ.യു.വ തീയതി 11/10/2017 & സ.ഉ.(സാധാ) നം. 191/2018/കാ.യു.വ തീയതി 24/09/2018 | 96,00,000 | ദർഘാസ് നടപടികൾ പൂർത്തിയായി |
| 83 | ലഗസി ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ വിവിധ സ്റ്റേഡിയങ്ങളിൽ കായിക ഉപകരണങ്ങൾ വാങ്ങൽ | സ.ഉ.(സാധാ) നം. 254/2017/കാ.യു.വ തീയതി 06/12/2017 | 1,21,52,500 | ദർഘാസ് നടപടികൾ പൂർത്തിയായി |

S.O